## കുന്നുമ്മൽ അബ്ദുർറഹ്മാൻ

**ഇസ്‌ലാമിക** പ്രസ്ഥാനത്തിന്റെ മങ്കടയിലെ ആദ്യകാല പ്രവർത്തകരിലൊരാളായിരുന്നു അടുത്തിടെ മരണപ്പെട്ട കുന്നുമ്മൽ അബ്ദുർറഹ്മാൻ സാഹിബ്. ജമാഅത്തിന്റെ മൂഴിക്കൽ സമ്മേളനം മുതൽ ഹിറാ സമ്മേളനമടക്കം എല്ലാ സമ്മേളനങ്ങളിലും സജീവമായി പങ്കെടുക്കുകയുണ്ടായി. പ്രസ്ഥാനത്തോടുള്ള ആത്മാർഥതയും അർപ്പണവും കാരണം അദ്ദേഹം പലർക്കും 'ജമാഅത്ത് കാക്ക' ആയിരുന്നു.



ആര് രോഗിയാണെന്നറിഞ്ഞാലും അവരെ സന്ദർശിക്കാനും സുഖവിവരങ്ങൾ അന്വേഷിക്കാനും അദ്ദേഹമവിടെ ഓടിയെത്തും. അദ്ദേഹം സന്ദർശിക്കാത്ത മരണവീടുകൾ ഈ പ്രദേശങ്ങളിൽ ഇല്ലെന്നു തന്നെ പറയാം. രോഗിയായി കിടപ്പിലായാലല്ലാതെ, അദ്ദേഹം പള്ളിയിൽ ജമാഅത്തിന് എത്താതിരിക്കില്ല. കുട്ടികളോട് വശ്യമായി ചിരിച്ചും തമാശ പറഞ്ഞും വടിയും കുത്തി നടന്ന് നീങ്ങുന്ന ശുഭ്രവസ്തധാരിയായ ഒരു ചിത്രമേ അദ്ദേഹത്തെക്കുറിച്ച് പ്രദേശവാസികൾക്ക് ഓർക്കാനുള്ളൂ. അല്ലാഹുവിന്റെ ഭവനത്തിലേക്ക് വിശ്വാസികളെ വിളിക്കുന്നതിൽ -ബാങ്ക്- അനുഭൂതി കണ്ടെത്തിയിരുന്ന അദ്ദേഹം മങ്കട, കട്ടുപ്പാറ, കർക്കിടകം, ഏലച്ചോല എന്നിവിടങ്ങളിലെ ജുമുഅ മസ്ജിദുകളിൽ ദീർഘകാലം മുഅദ്ദിൻ ആയും മദ്റസാധ്യാപകനായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

സാമ്പത്തികശേഷി അത്ര ഭദ്രമല്ലാതിരുന്നിട്ടും പ്രസ്ഥാനത്തിന്റെ മുഴുവൻ റിലീഫ് പ്രവർത്തനങ്ങളിലും സാമൂഹിക സേവന സംരംഭങ്ങളിലും അദ്ദേഹം അകമഴിഞ്ഞ് സഹകരിച്ചിരുന്നു. ജീവികൾക്ക് അന്നം നൽകുന്നതിലും പൊതു സ്ഥലങ്ങളിൽ മരം വെച്ച് പിടിപ്പിക്കുന്നതിലും അതീവ തൽപരനായിരുന്നു.

ഭാര്യാപിതാവ് പറച്ചിക്കോട്ടിൽ മുഹമ്മദ് ഹാജിയുടെ പ്രേരണയാൽ ചെറുപ്പത്തിലേ പ്രസ്ഥാനത്തിലേക്ക് കടന്നുവന്ന അദ്ദേഹം, മങ്കട കാർക്കുൻ ഹൽഖയിലെ സജീവ പ്രവർത്തകനും 78-ാം വയസ്സിൽ മരിക്കുന്നത് വരെയും ഖുർആൻ സ്റ്റഡി സെന്ററിൽ പഠിതാവുമായിരുന്നു.

മങ്കട ആശുപത്രിയിൽ രോഗികളായി കിടക്കുന്നവർക്ക് സ്വന്തം വീട്ടിൽ നിന്ന് ഭക്ഷണം എത്തിച്ചുകൊടുക്കുമായിരുന്നു. പ്രസ്ഥാന പ്രസിദ്ധീകരണങ്ങൾ മറ്റുള്ളവർക്കെത്തിച്ചു കൊടുക്കുന്നതിലും പ്രചരിപ്പിക്കുന്നതിലും അദ്ദേഹം മാതൃകയായി. കൃഷിയിലും ആടു വളർത്തലിലും അദ്ദേഹം നിർവൃതി കണ്ടെത്തി.

ഭാര്യയും പതിനൊന്ന് മക്കളും പേരമക്കളുമടങ്ങുന്ന വലിയ ഒരു കുടുംബത്തെ വളരെ ഐക്യത്തോടെയും സ്നേഹത്തോടെയും നയിച്ച കുടുംബനാഥൻ കൂടിയായിരുന്നു അദ്ദേഹം. ഏലച്ചോലയിൽ ഒരു പലിശരഹിത നിധി തുടങ്ങാനുള്ള ആഗ്രഹം ബാക്കിവെച്ചാണ് അദ്ദേഹം യാത്രയായത്. പരേതന് അല്ലാഹു മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ.

**കെ. ജഅ്ഫർ മങ്കട**

## പി.വി മൊയ്തീൻ



**വെട്ടം** പ്രാദേശിക ജമാഅത്തിലെ അംഗമായിരുന്നു പി.വി മൊയ്തീൻ സാഹിബ് (80). സൗമ്യനും മൃദുഭാഷിയുമായിരുന്ന അദ്ദേഹം പ്രദേശത്തെ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ പ്രതിനിധാനമായിരുന്നു.

പെയിന്റിംഗ് തൊഴിലാളിയായിരുന്ന മൊയ്തീൻ സാഹിബ് തന്റെ തൊഴിലിനോട് കാണിച്ചിരുന്ന ആത്മാർഥതയും ശുഷ്കാന്തിയും ഈ രംഗത്ത് അദ്ദേഹത്തെ സുസമ്മതനാക്കി.

യോജിപ്പിലും വിയോജിപ്പിലും ദേഷ്യത്തിലും സ്നേഹത്തിലും ഗുണകാംക്ഷ വെച്ചുപുലർത്തിയ അദ്ദേഹം ഇസ്‌ലാമിക പ്രസ്ഥാനത്തെയും പ്രവർത്തകരെയും അതിരറ്റ് സ്നേഹിച്ചിരുന്നു.

ഭൗതിക വിദ്യാഭ്യാസത്തിന്റെ കുറവ് മൊയ്തീൻക്കയുടെ സംഘടിതവും വ്യക്തിപരവുമായ പ്രവർത്തനങ്ങളെ ബാധിച്ചിരുന്നില്ല. എന്നു മാത്രമല്ല, അദ്ദേഹത്തിന്റെ ഗുണകാംക്ഷാപൂർണമായ ഇടപെടലുകൾ കാരണം ജാതി-മത-കക്ഷി-രാഷ്ട്രീയ ഭേദമന്യേ എല്ലാവർക്കും ആദരണീയനായിരുന്നു അദ്ദേഹം.

**അബ്ദുന്നാസർ വെട്ടം**

## എ.പി മരക്കാർ ഹാജി



**എറണാകുളം** ജില്ലയിൽ ഇടപ്പള്ളി കുന്നുംപുറത്ത് എ.പി മരക്കാർ ഹാജി (84) തന്റെ ഭൗതിക ജീവിതത്തോട് വിടപറഞ്ഞു. ചങ്ങനാശ്ശേരിയിലെ ഫ്രൂട്ട്സ് മൊത്ത വ്യാപാരിയും മത-സാമൂഹിക രംഗത്തെ സജീവസാന്നിധ്യവുമായിരുന്നു. വലിയ സമ്പത്തിന്നുടമയായിട്ടുപോലും ലളിതമായ ജീവിതം നയിച്ച് മറ്റുള്ളവർക്ക് അദ്ദേഹം മാതൃക കാട്ടി. ആറു പതിറ്റാണ്ട് മുമ്പ് ചങ്ങനാശ്ശേരിയിൽ എളിയ രീതിയിൽ ആരംഭിച്ച് ജീവിതത്തിലുടനീളം അച്ചടക്കവും നിഷ്ഠയും പുലർത്തി കഠിനാധ്വാനത്തിലൂടെ ഫ്രൂട്ട് മൊത്ത കച്ചവടരംഗത്ത് നല്ല നിലയിലെത്തിച്ചേരാൻ അദ്ദേഹത്തിന് കഴിഞ്ഞു.

ദീനീ കാര്യങ്ങളിലും ജീവകാരുണ്യ പ്രവർത്തനങ്ങളിലും അതീവ താൽപര്യം പ്രകടിപ്പിച്ച അദ്ദേഹം പള്ളികൾ, മദ്റസകൾ, അനാഥശാലകൾ എന്നിവക്ക് വേണ്ടി സമ്പത്തിന്റെ നല്ലൊരു വിഹിതം ചെലവഴിച്ചു. ജാതി ഭേദമില്ലാതെ നിസ്സഹായരെയും നിരാലംബരെയും സഹായിച്ചു. ഏത് ആവശ്യത്തിന് സമീപിച്ചാലും അദ്ദേഹം ആത്മാർഥമായി സഹകരിക്കും. വെങ്ങോല അറക്കകുടി മുണ്ടേത്ത് നഫീസയാണ് ഭാര്യ. മക്കൾ: സഫിയ, പരീക്കുട്ടി (ബഷീർ), അബ്ദുൽ മജീദ്, അബ്ദുസ്സലാം, അബ്ദുസ്സലീം, മുഹമ്മദ് നിസാർ, സൈനുജത്ത്.

**എ.എം ഹൈദ്രോസ് ഓണംപിള്ളി**

*അല്ലാഹുവേ, പരേതരെ മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കേണമേ - ആമീൻ*